(2) സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി

ശ്രീ. സി. കൃഷ്ണൻ : സർ, ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി വീണ്ടും ഭൂമി അക്വയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. രാജ്യത്തിന്റെ അഭിമാനസ്തംഭമായി മാറിയ ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി 1983-84 വർഷത്തിൽ 2800 ഏക്കർ ഭൂമി അക്വയർ ചെയ്തിരുന്നു. 100 വർഷത്തെ വികസനം മുന്നിൽ കണ്ടാണ് ഇത്രയും ഭൂമി അന്ന് അക്വയർ ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് ആയിരത്തോളം കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെട്ടു. ഇതിൽ പലർക്കും അർഹമായ നഷ്ടപരിഹാരമോ പുനരധിവാസ സൗകര്യമോ ലഭിച്ചിട്ടില്ല. ഏറ്റെടുത്ത ഭൂമിയുടെ മുന്നിൽ ഒരു ഭാഗം പോലും വിനിയോഗിക്കാതെ കിടക്കുമ്പോഴാണ് വീണ്ടും 500 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിരിക്കുന്നത്. ഈ നടപടികളുമായി മുന്നോട്ടുപോയാൽ ഒരിക്കൽ പുനരധിവസിപ്പിക്കപ്പെട്ടവരെ വീണ്ടും കുടിയൊഴിപ്പിക്കേണ്ടതായിവരും. ആശങ്കാകുലരായ പ്രദേശവാസികൾ ഒന്നടങ്കം ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് പ്രക്ഷോഭം നടത്തിവരികയാണ്. ഈ വസ്തുതകൾ കണക്കിലെടുത്ത് വീണ്ടും ഭൂമി അക്വയർ ചെയ്യാനുള്ള നടപടിയിൽനിന്ന് സർക്കാർ പിൻതിരിയണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. കൃഷ്ണൻ ഇവിടെ പറഞ്ഞ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റിന് നേരിട്ടറിയാം. ബഹുമാനപ്പെട്ട എം.എൽ.എ. ഇതുസംബന്ധിച്ചുള്ള നിവേദനം നേരത്തെ തന്നിരുന്നു. അവിടത്തെ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും പല നിവേദനങ്ങളും ഞാൻ കണ്ണൂരിൽ വന്നപ്പോൾ കിട്ടിയിരുന്നു. കൂടാതെ ശ്രീ. എം. കെ. രാഘവൻ എം.പി. ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കണ്ണൂർ ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി നേവി ബോയ്സ് സ്പോർട്സ് കമ്പനി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 500 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകണമെന്ന് സ്റ്റേഷൻ കമാൻഡർ 26-3-2014-ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏഴിമല നാവിക അക്കാഡമി സ്ഥാപിക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലെ രാമന്തളി

LIBRARY ARCHIVES Kerala Legislative Assembly

വില്ലേജിൽ നിന്നുമാത്രം 2500 ഏക്കറിലധികം സ്വകാര്യ ഭൂമി പൊന്നും വിലയ്ക്ക് സർക്കാർ ഏറ്റെടുത്തിരുന്നു. അതിനുപുറമെയാണ് ഇപ്പോൾ 500 ഏക്കർ ഭൂമി കൂടി ഏറ്റെടുത്ത് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിക്കുന്നതിനെതിരെ ഏഴിമല ഡവലപ്പ്മെന്റ് കൗൺസിൽ മുഖ്യമന്ത്രിക്ക് നിവേദനം തന്നിരുന്നു. അതുസംബന്ധിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ട് വാങ്ങുകയും ചെയ്തു. ഇനിയും 500 ഏക്കർ സ്ഥലം കൂടി എടുക്കുമ്പോൾ നേരത്തെ 2500 ഏക്കർ ഏറ്റെടുത്തപ്പോൾ ഒഴിവാക്കിയ ആളുകളെ വീണ്ടും ഒഴിപ്പിക്കേണ്ടി വരുമെന്ന് മെമ്പർ പറഞ്ഞത് ശരിയാണ്. ഇവിടെയുള്ള ജനങ്ങളുടെ വികാരം ഗവൺമെന്റ് ശരിക്കും മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെ 500 ഏക്കർ ഭൂമി ഏറ്റെടുത്ത് കൊടുക്കാനല്ല ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ ഇവരുടെ കൈവശം ആയിരത്തിലധികം ഏക്കർ സ്ഥലമെങ്കിലും ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. ആ സ്ഥലം ഈ പുതിയ ആവശ്യത്തിന് വിനിയോഗിച്ചുകൂടേ എന്ന് അവരോട് ജില്ലാ കളക്ടർ വഴി ചോദിക്കാൻ ഏർപ്പാട് ചെയ്തിരിക്കുകയാണ്. എങ്ങനേയും ഒരു പുതിയ അക്വിസിഷൻ ഒഴിവാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. കാരണം, ആ പ്രദേശത്തെ ജനങ്ങൾ ഒരിക്കൽ ഇതിനുവേണ്ടി വലിയൊരു ത്യാഗം സഹിച്ചതാണ്. ഇനിയും അവരെ ബുദ്ധിമുട്ടിക്കരുത് എന്ന് മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം തന്നെയാണ് ഗവൺമെന്റിനുമുള്ളത്. അതുകൊണ്ട് ഏഴിമല നാവിക അക്കാഡമിയുടെ ആവശ്യം നിലവിലുള്ള ഭൂമികൊണ്ട് തൃപ്തിപ്പെടുത്താനാണ് ഗവൺമെന്റ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

(3) ഓട് വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

<u>ശ്രീ. എളമരം കരീം</u> : സർ, ആവശ്യത്തിന് കളിമണ്ണ് ലഭിക്കാത്തതുകൊണ്ട് ഓടുവ്യവസായം ഗുരുതരമായ പ്രതിസന്ധിയിലാണെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ചതനുസരിച്ച് വ്യവസായ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയുമെല്ലാം ചേർന്ന് ഒരു യോഗം കൂടിയിരുന്നു. ആ യോഗത്തിൽ കളിമണ്ണ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമെന്നായിരുന്നു തീരുമാനം. ആ തീരുമാനം അടിയന്തരമായി നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly